# കളിയച്ഛൻ: പരാജിതന്റെ ജാതകക്കുറിപ്പ്

**ഉണ്ണി ആമപ്പാറയ്ക്കൽ** *

പരാജയത്തിന്റെ ഉത്തരവാദിത്വം അപരനിൽ ആരോപിക്കാനാണ് എപ്പോഴും നമുക്കിഷ്ടം. അപരൻ ദൈവമോ ഗുരുവോ സഹജാതനോ സുഹൃത്തോ ആരുമാവാം. പരീക്ഷയെഴുതിവരുന്ന കുട്ടിയോട് പരീക്ഷയെക്കുറിച്ച് ചോദിച്ചാൽ പരിഭവം ഒളിച്ചുവെക്കാൻ പലതാവാം ന്യായീകരണങ്ങൾ: സിലബസ് മാറിവന്നു, പഠിപ്പിച്ചതല്ല ചോദിച്ചത്, ചോദ്യം തലതിരിഞ്ഞു... ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള സഹജപ്രവണതയുണ്ട്, മനുഷ്യന്. അതിനവർ നീതീകരണങ്ങൾ നിരത്തും. താനൊഴിച്ച് ബാക്കിയാരുമാവാം ഹേതുവെന്ന് ന്യായവാദം മുഴക്കും. ആത്മവിശ്വാസവും ആത്മബലവുമില്ലാത്തതിനെ ഒളിച്ചുവെക്കാനുള്ള വഴിയാണ് ഇത്തരം വാചാടോപങ്ങൾ. തോൽവിയെ, കഴിവില്ലായ്മയെ, അംഗീകരിക്കാനുള്ള കരുത്തുവേണം. അതില്ലാതാവുമ്പോൾ ഇരുട്ടിൽതടഞ്ഞ് വഴിയറിയാതെ ഉഴറും. ഇച്ഛാശക്തിയും ശുഭാപ്തിവിശ്വാസവുമാണ് വേണ്ടതെന്നറിയാതെ ഉൾവലിയും.

ഇത്തരമൊരു ആത്മവിശ്വാസക്കുറവിന്റെ കവിതയായിട്ടാണ് കുഞ്ഞിരാമൻനായരുടെ കളിയച്ഛനെ ഇന്ന് വായിക്കാനാവുന്നത്. കളിയച്ഛൻ തോറ്റവന്റെ കവിതയാണെന്നും ശാപമേറ്റവന്റെ പൊറുതികേടാണെന്നും വിലയിരുത്തപ്പെട്ടിട്ടുണ്ട്. അനുകരിക്കേണ്ട ഒരുവനെ (ളെ) ഗുരുസ്ഥാനത്ത് പ്രതിഷ്ഠിച്ച് അയാളുടെ/അവളുടെ ഇംഗിതങ്ങൾക്ക് വശപ്പെട്ടിരിക്കുകയാണ് ജീവിതവിജയത്തിന് വഴിയെന്നും അതിൽനിന്ന് വ്യതിചലിക്കുമ്പോൾ പരാജയത്തിന്റെ പടുകുഴിയിലേക്ക് കൂപ്പുകുത്തുമെന്നും കളിയച്ഛൻ ഓർമ്മിപ്പിക്കുന്നു. യഥാർത്ഥ ജീവിതത്തിന്റെ പിൻബലവും ഇത്തരം ന്യായവാദത്തെ സാധൂകരിക്കാൻ ഉയർത്തിക്കൊണ്ടുവരാറുണ്ട്. എന്നാൽ ഇതൊക്കെയാണോ കളിയച്ഛന്റെ ശരി? ഗുരുവിന്റെ കാലുപിടിക്കാത്തവരാരും ജീവിതവീഥിയിൽ വെന്നിക്കൊടി പാറിച്ചിട്ടില്ലേ? ഭൗതികസുഖഭോഗങ്ങളിൽ മുഴുകണമെന്ന് ആഗ്രഹിക്കുന്നത് അത്ര വലിയ കുഴപ്പമാണോ? അതാണോ ഈ കവിത മുന്നോട്ടുവെക്കുന്ന സത്യം?

** അസിസ്റ്റന്റ് പ്രൊഫസർ, മലയാളം വകുപ്പ്, ഗവ: കോളെജ്, മലപ്പുറം, കേരളം.*
*E-mail: amapparakkalunni@gmail.com*

സന്ധ്യയും താരകളും ഉഷസ്സും ആഴിയും ആറും എത്രതന്നെ പ്രോത്സാഹനം നല്കിയാലും തനിക്കിനി ഒരിക്കലും അരങ്ങിൽ തിളങ്ങാനാവില്ലെന്നും അതിനു കാരണം ഗുരുശാപമാണെന്നും കരുതുന്ന ഒരാളുടെ വ്യഥകളാണ് കളിയച്ഛൻ പങ്കുവെക്കുന്നത്. ശരീരം വിയർക്കുന്നു, തുട വിറയ്ക്കുന്നു, കിരീടം ചെരിയുന്നു, തോൽവികളുടെ തുടർച്ച കളിൽ മുങ്ങിത്താണുപോവുന്നു. എല്ലാറ്റിനും നിമിത്തം ഗുരുശാപം. കലയിൽ, കവിത യിൽ, ജീവിതത്തിലും പൂർണ്ണ സ്വാതന്ത്ര്യമുണ്ടാവണമെന്ന് ആശിച്ചതാണ് തെറ്റ്.

പോംവഴിയില്ലിനി വേഗം പെരും കളി-

യോഗത്തിൽനിന്നുമൊഴിയുകയെന്നിയെ.

അരങ്ങിൽനിന്ന് തിരസ്കൃതനായവൻ അണിയറയിൽനിന്നും, അഗ്രശാലയിൽ നിന്നും, സകല സൗഹൃദങ്ങളിൽനിന്നും ബഹിഷ്കൃതനാവുന്നു.

പിച്ച വെറും പിച്ച, സാക്ഷാൽ പെരും കളി-

യച്ഛനുമായിട്ടിടഞ്ഞ കാലങ്ങളിൽ.

ഇവിടെയാണ് സ്വത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് ഒരാൾക്ക് എത്രകാലം കീഴ്പ്പെട്ടു ജീവിക്കാനാവും എന്ന ചോദ്യമുയരുന്നത്.

ബോധമില്ലാതെ കിടക്കുമവസ്ഥയ്ക്കു

മീതെയായ് ഘോരവിപത്തെന്തു ഭൂമിയിൽ?

വേദനാപൂർണ്ണമാണിക്കഥ; രാവണ-

വേഷവും ഞാനുമൊന്നായിച്ചമഞ്ഞുപോയ്.

ആത്മാംശം നഷ്ടപ്പെട്ട അവസ്ഥയാണിത്. ഇവ്വിധമൊരു സന്ദിഗ്ദ്ധതയിലാണ് ഭൗതി കാനന്ദങ്ങളിലേക്ക് ഒരാൾ നടന്നുകയറുന്നത്. അപ്പോൾ, 'മേലാ, ഗുരുപദം പിൻപറ്റിയി ക്കലാ-/ലോലമാം ജീവിതകാലം തുലയ്ക്കുവാൻ' എന്നുരുവിടേണ്ടിവരും.

ഗുരുവരാനുഗ്രഹമില്ലെങ്കിൽ പടിപടിയായ തകർച്ചയാണ് ഫലം, എന്നുറച്ചു വിശ്വസി ക്കുന്ന ഒരുവന്റെ മാനസിക വിഭ്രാന്തിയാണ് ഈ കവിതയുടെ കാതൽ. ഗുരുശാപം പരാജയഹേതുവായിത്തീരുമെന്നും അത് ആത്മീയവും ഭൗതികവുമായ തകർച്ചയി ലേക്കും തളർച്ചയിലേക്കും നയിക്കുമെന്നും ഉള്ള വിശ്വാസമാണ് സകല ഭീതികൾക്കും അടിസ്ഥാനം. ഉൾഭയമാണ്ടവന്റെ വിഭ്രമങ്ങളാണ് തികഞ്ഞ തോൽവിയായി കലാശി ക്കുന്നത്. സ്വപ്നത്തിൽപോലും, കൂടെക്കളിക്കുന്നവന്റെ മികവാർന്ന വേഷം കണ്ട് ഞെട്ടിയുണരുകയും ഉറക്കം നഷ്ടപ്പെടുകയും ചെയ്യുന്നു. ചുട്ടി അടരുന്നു; കിരീടം ചെരി യുന്നു; മറപിടിച്ചവർ പരിഹസിച്ചു ചിരിക്കുന്നു... പിന്നെ പശ്ചാത്താപം; പ്രായശ്ചിത്തം. പോംവഴി ഒന്നുമാത്രം - ഗുരുവിന്റെ പാദസേവ. സാഷ്ടാംഗപ്രണാമം.

ബ്രഹ്മസ്വരൂപൻ ഗുരു കനിഞ്ഞീടുകിൽ

ബ്രഹ്മാണ്ഡമൊക്കെയും നിൻ കളിപ്പന്തൽതാൻ.

പിന്നാമ്പുറത്തിരിക്കുന്ന നിയന്ത്രകന്റെ (controller) താല്പര്യങ്ങളെ സംരക്ഷിക്കുന്ന കളികൾക്കേ അരങ്ങിൽ പ്രസക്തിയുള്ളൂ എന്നതാണ് കവിത നല്കുന്ന സന്ദേശം. അണിയറയിൽ വർണചാർത്തുകൾക്കിടയിൽ ഉപവിഷ്ടനായവൻ ഗുരുവാകാം; ഈശ്വരനാവാം; ഗുരുസ്ഥാനീയരായ ഏതൊരാളുമാവാം. പാരമ്പര്യത്തിന്റെ ചരടുവലി മറനീക്കി പുറത്തുവരുന്നതിവിടെയാണ്. പി-യുടെ കാവ്യഗുണം മുഴുവൻ പ്രതിഫലിക്കുമ്പോഴും ആശയപരമായ വിയോജിപ്പിനാൽ കവിതയിൽനിന്നു പുറത്തുകടക്കേണ്ടിവരുന്ന സന്ദർഭമാണ് ഇത് സൃഷ്ടിക്കുന്നത്.

വേണ്ടവിധം ചൊല്ലിയാടാത്തതാണ് പരാജയകാരണം (വേവിച്ചു തീവ്രാനുതാപ, മരങ്ങത്തു/വേണ്ടവിധമൊന്നു ചൊല്ലിയാടീല ഞാൻ). എന്നാൽ മറ്റെന്തൊക്കെയോ കാരണങ്ങൾ കണ്ടെത്തി സ്വന്തം ദുർബ്ബലതയെ മറച്ചു വെക്കാനുള്ള വെമ്പലാണ് കവിതയിൽ കാണുന്നത്. മനോഹരവേഷങ്ങൾപോലും കയ്പേറിയതാവാൻ 'ഗുരുശാപകാമിലബാധ 'യത്രെ കാരണം.

'വ്യഗ്രനാമെന്നെത്തുടർന്നെത്തി പന്തലി-

ലുഗ്രഗുരുത്വപ്പിഴതൻ കരിനിഴൽ'

'സ്മേരം ഗുരുവിൻ മുഖം കറുത്തീടവേ

ഘോരതമസ്സിലേക്കൊട്ടൊട്ടു നീങ്ങി ഞാൻ'

ഇപ്രകാരം പലയിടത്തായി ആത്മവിശ്വാസക്കുറവിനെ നിഗൂഹിതമാക്കി 'ഗുരുത്വപ്പിഴ'യെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നുണ്ട്, കവി. പരാജിതന്റെ ഉള്ളഴിഞ്ഞുള്ള കുറ്റസമ്മതമല്ല, സ്വയം രക്ഷപ്പെടാനുള്ള പിടച്ചിലാണ് ഇവിടെ പ്രകടമാവുന്നത്.

'പോംവഴിയില്ലിനി വേഗം പെരും കളി-

യോഗത്തിൽനിന്നുമൊഴിയുകയെന്നിയെ'

തോൽക്കുന്നവന്റെ അവസാനത്തെ അടവാണ് തോൽവിയുടെ കാരണം റഫറിയിൽ ആരോപിക്കുക എന്നത്. റഫറിയെ ചോദ്യം ചെയ്യാനാവില്ല. രക്ഷപ്പെടലിന്റെ കുനിഷ്ടുവഴികളെ ആരും പെട്ടെന്ന് തിരിച്ചറിഞ്ഞെന്ന് വരില്ല. കളിയിൽ ചോദ്യമില്ല; കഥയിലും. തുടർച്ചയായ തോൽവികൾ:

'കച്ചുകളിപ്പന്തൽ; കൂടിക്കലർത്തി ഞാൻ

പച്ചയിലിച്ഛയാ കത്തിയും താടിയും!'

'മെച്ചം മുറുക്കും പുറപ്പാടുവേളയിൽ

മെയ്യുമിക്കയ്യും മയങ്ങുന്നു മൂർച്ഛയിൽ.

വട്ടം തിരിയുന്നു പന്തൽ; അടരുന്നു

ചൊട്ടി; കിരീടം ചെരിയുന്നു മേൽക്കുമേൽ!'

അതിന്റെ കാരണം കണ്ടെത്തുന്നതിനുപകരം, 'ഗുരുശാപ'മെന്നു മുൻകൂർ ജാമ്യം.

വീണ്ടുവിചാരത്തിനു വിധേയമാക്കുമ്പോൾ, കളിയച്ഛൻ മുന്നോട്ടു വെക്കുന്നത് മുമ്പ് നാം കണ്ടതൊന്നുമല്ലെന്ന് ഇന്ന് തിരിച്ചറിയാം. ചെല്ലമായ്ച്ചെല്ലുന്ന ചെറുക്കനെ ഫുല്ലനേത്രത്താൽ തഴുകിയതിന്റെ ('ദേശികവര്യൻ തിരുമിഴിക്കോണിനാൽ/ദേഹമുഴിഞ്ഞ സുരഭിലവാസരം / ഫുല്ലനേത്രത്താൽത്തഴുകിയന്നൊന്നിച്ചു / ചെല്ലമായ്ച്ചെല്ലും ചെറുക്കനെ ശ്രീഗുരു') തുടർച്ചയിൽ ഗുരുവിനോട് തോന്നിയ അനിഷ്ടം മാനസികമായ അകൽചയായി രൂപാന്തരം പ്രാപിക്കുകയും ഗുരുനിഷേധത്തിലേക്ക് എത്തുകയും ചെയ്തതായിരിക്കാം. (ഇവിടെ സ്വവർഗരതിയുടെ നേരിയ ലാഞ്ഛന സൂക്ഷ്മനേത്രങ്ങൾക്ക് കാണാനാവും). കഥകളിപോലെ ചിട്ടവട്ടങ്ങൾക്കകത്ത് പുലരുന്ന ഒരു കളിയോഗത്തിലെ പാരമ്പര്യവിശ്വാസം അടിയുറച്ചുപോയതും എളുപ്പത്തിൽ വിടുതൽ നേടാനാവാത്തതുമാണ്. അതിനാൽ പിന്നീടു സംഭവിച്ചതെല്ലാം ശിഷ്യന്റെ (കവിയുടെ) മനോവിഭ്രാന്തികളാവാം. ആത്മവിശ്വാസം നഷ്ടപ്പെട്ടവന്റെ വിഭ്രമങ്ങൾ. ഗുരുവരാനുഗ്രഹമില്ലാതെ അരങ്ങിൽ വിജയിക്കുക സാധ്യമല്ലെന്ന ദൃഢീകരിച്ച വിശ്വാസം കാര്യങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

കളി കൈവിട്ടുപോവുമ്പോൾ കളിനിയമങ്ങളെ തെറ്റിക്കുന്ന മൈതാനങ്ങളിലെ സ്ഥിതിതന്നെയാണ് ഇവിടെയും സംഭവിക്കുന്നത്. പിന്നെ, മഞ്ഞ കാർഡുകളുടെയും ചുവപ്പു കാർഡുകളുടെയും ഘോഷയാത്രയായിരിക്കും. 'പോരുമിപ്പാഴ്ക്കളി' എന്ന നിന്ദയും 'തെറിവാക്കുതുപ്പലും' അതിന്റെ ഭാഗമാണ്. ചെയ്യുന്ന പ്രവൃത്തിയോട് മാനസികൈക്യം നഷ്ടപ്പെടുമ്പോൾ ചെയ്യുന്നതൊക്കെയും പിഴച്ചുപോവും. ഇച്ഛാശക്തിയുടെ അഭാവവും പിഴവുകൾക്ക് നിദാനമാവുന്നു. കളിയരങ്ങിൽ തോറ്റവൻ കവിയരങ്ങിലും തോറ്റവനാണ്. അനിവാര്യമായ തോൽവിക്ക് കാരണം കണ്ടെത്താനുള്ള വൃഥാശ്രമമാണ് 'കളിയച്ഛൻ'. പരാജിതവ്യക്തിത്വത്തിന്റെ പ്രച്ഛന്നാവിഷ്കാരമെന്ന് ഇതിനെ വിശേഷിപ്പിക്കാം.

കളിയിലെന്നപോലെ കവിതയിലും താൻ പരാജിതനാണെന്ന് കുഞ്ഞിരാമൻനായർക്ക് തോന്നിയിരിക്കണം. തൊട്ടതെല്ലാം പിഴച്ച ജീവിതം. അറിഞ്ഞോ അറിയാതെയോ അപാകങ്ങളുടെ ആവർത്തനങ്ങൾ. ചങ്ങമ്പുഴക്കാലത്തു ജീവിച്ച മറ്റേതൊരു കവിയെയുംപോലെ പി-ക്കും കാവ്യരചനാരംഗത്ത് ആത്മവിശ്വാസക്കുറവ് ബോധ്യമായിരിക്കണം. കവിതകൾ എഴുതിക്കൂട്ടുക എന്നല്ലാതെ അതിനെ കൂടുതൽ മിഴിവുറ്റതാക്കണമെന്നോ എഡിറ്റുചെയ്യണമെന്നോ കവിക്ക് ഒരിക്കലും തോന്നിയിട്ടില്ല. നന്നാക്കിയാലും നന്നാവില്ലെന്ന് കരുതുംവിധത്തിലുള്ള കവിസഹജമായ ഒരുതരം അശ്രദ്ധ കുഞ്ഞിരാമൻ

നായരെ അടിമുടി ബാധിച്ചിട്ടുണ്ട്. തിരിഞ്ഞുനോക്കാതെ നടന്നുപോയ വരരുചി എന്നാണല്ലോ എം. ലീലാവതി കുഞ്ഞിരാമൻനായരെ വിശേഷിപ്പിച്ചത്. കവിക്കുണ്ടായിരുന്ന ആത്മബലമില്ലായ്മതന്നെയാണ് കളിയച്ഛനിലെ നായകനിലും കാണുന്നത്. ആത്മവിശ്വാസക്കുറവിനെ മറച്ചു പിടിക്കാനാണ് ഗുരുനിഷേധത്തിന്റെ കഞ്ചുകം എടുത്തണിയുന്നത്. തെറിവാക്കു തുപ്പുന്നതും ബോധക്കേട് അഭിനയിക്കുന്നതും തുട വിറയ്ക്കുന്നതും മെയ് വിയർക്കുന്നതും മറ്റൊന്നുകൊണ്ടുമല്ല. പരീക്ഷയ്ക്ക് പഠിക്കാത്ത കുട്ടി ജാള്യം മറയ്ക്കാൻ കാണിക്കുന്ന കുസൃതിയായി ഇതിനെ കരുതിയാൽ മതി. ഈ കുസൃതിക്കളിയിൽ (പരീക്ഷയിൽ) ആരാണ് ജയിച്ചത്, ആരാണ് തോറ്റത് എന്ന് കാലം തെളിയിക്കട്ടെ.

□